**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 196** **01-02-2023 - ൽ മറുപടിയ്ക്ക്**

**മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ഹോമിയോ ഡിസ്പൻസറികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയ ഹോമിയോ ഡിസ്പെൻസറികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ല.** |
| (ബി) | മങ്കട മണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിൽ നിലവിൽ ഹോമിയോ ഡിസ്പൻസറി ഇല്ലാത്തതിനാൽ രോഗികൾക്ക് കിലോമീറ്ററുകൾ യാത്ര ചെയ്ത് മറ്റ് ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നതുമൂലമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് മങ്കട പഞ്ചായത്തിൽ ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) | ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ മങ്കട പഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.<br><br>നിലവിൽ മങ്കട പഞ്ചായത്തിന് അടുത്തായി സ്ഥിതി ചെയ്യുന്ന ആനക്കയം ഡിസ്പെൻസറിയിൽ നിന്നും മങ്കട പഞ്ചായത്തിലെ ജനങ്ങൾക്ക് സേവനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ